LIBRARY ARCHIVES Kerala Legislative Assembly

കുന്ദംകുളം നിയോജകമണ്ഡലത്തിൽ ഹോമിയോ ഡിസ്പെൻസറി

169 [1696] ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കുന്ദംകുളം നിയോജകമണ്ഡലത്തിൽ എത്ര ഹോമിയോ ഡിസ്പെൻസറികളുണ്ട് ;

(ബി) എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(സി) പുതുതായി കുന്ദംകുളം നിയോജകമണ്ഡലത്തിൽ ഹോമിയോ ഡിസ്പെൻസറി എവിടെയാണ് ആരംഭിക്കുന്നത് ;

(ഡി) പ്രസ്തുത ഡിസ്പെൻസറി എന്ന് തുടങ്ങാനാണ് തീരുമാനിച്ചിട്ടുള്ളത് ?

ഉത്തരം

(എ) കുന്ദംകുളം നിയോജകമണ്ഡലത്തിൽ, ആർത്താറ്റ്, കുന്ദംകുളം, കണ്ടാണശ്ശേരി, തോളൂർ എന്നിവിടങ്ങളിലായി 4 ഹോമിയോ ഡിസ്പെൻസറികൾ നിലവിലുണ്ട്.

(ബി), (സി) & (ഡി) എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ചികിത്സ ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എന്നാൽ പത്താം പഞ്ചവത്സര പദ്ധതിയിൽ ഹോമിയോപ്പതി വകുപ്പിന് അംഗീകരിച്ചിട്ടുള്ള സ്കീമുകളിൽ പുതിയ ഡിസ്പെൻസറികൾ ആരംഭിക്കാൻ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഇക്കാര്യം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

അലോപ്പതി, ആയുർവേദം, ഹോമിയോ ഹെൽത്ത് സെന്ററുകൾ/ ഡിസ്പെൻസറികൾ സ്ഥാപിച്ചതിന്റെ വിവരം

170 [1697] ശ്രീ. എ. സി. ഷൺമുഖദാസ് :

,, സി. കെ. നാണു :

,, കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലോപ്പതി, ആയുർവേദം, ഹോമിയോ സമ്പ്രദായത്തിലുള്ള ഹെൽത്ത് സെന്ററുകൾ/ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) 1996 ഏപ്രിൽ മുതൽ 2001 മാർച്ച് വരെ സംസ്ഥാനത്ത് പുതുതായി അനുവദിച്ച അലോപ്പതി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ, ആയുർവേദ ഹോമിയോ ഡിസ്പെൻസറികൾ എത്രവീതമാണ് എന്ന് വെളിപ്പെടുത്താമോ ; ഇവയുടെ പേരും അനുവദിച്ച പഞ്ചായത്തുകളുടെ ലിസ്റ്റും ലഭ്യമാക്കുമോ ;